# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 90 — 30.11.2015 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം. ആരീഫ് | **ശ്രീ. ഉമ്മൻ ചാണ്ടി**<br>ബഹു. മുഖ്യമന്ത്രി |

### പദ്ധതി/പദ്ധതി ഇതര ചെലവുകൾ

| | | |
|---|---|---|
| (എ) | 2011-12 നും അതിന് ശേഷമുള്ള സംസ്ഥാന ബഡ്ജറ്റുകളിലും പദ്ധതി/പദ്ധതി ഇതര ചെലവുകൾക്കായി വകയിരുത്തുകയും ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ചെയ്ത തുകയിൽ ഏതെല്ലാം വകുപ്പുകളുടെ തുകയാണ് ചെലവാകാതെ ട്രഷറിയിൽ തന്നെ കിടക്കുന്നതെന്ന് വിശദമാക്കാമോ; ഇപ്രകാരം ട്രഷറി അക്കൗണ്ടുകളിൽ തന്നെ നിക്ഷേപിക്കപ്പെട്ട മൊത്തം തുക എത്ര; ട്രഷറിയിൽ നിന്നും പിൻവലിച്ച് മറ്റെതെങ്കിലും ബാങ്കു കളിൽ നിക്ഷേപിക്കപ്പെട്ട തുക ഏതൊക്കെ; മൊത്തം എത്ര; | വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ 2011-12 മുതൽ 2015-16 വരെ ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെടുകയും ട്രഷറിയിൽ ചെലവാകാതെ കിടക്കുകയും ചെയ്യുന്ന തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് ട്രഷറിയിൽ നിന്നും പിൻവലിച്ച് വിവിധ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക 996.26 ലക്ഷം രൂപയാണ്. |
| (ബി) | 2011-12 മുതൽ 2015-16 വരെയുള്ള പദ്ധതി ചെലവുകളിലും പദ്ധതി ഇതര ചെലവുകളിലും അൻപത് ശതമാനത്തിൽ കുറഞ്ഞ പെർഫോർമെൻസ് കാഴ്ചവച്ച വകുപ്പുകൾ ഏതൊക്കെ; ഇക്കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതായ | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സമർപ്പിച്ച കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ പിന്നോക്കം നിൽക്കുന്ന റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 34 ശതമാനം, 44 ശതമാനം എന്നിങ്ങനെ ആയിരുന്നു. 2012-13 സാമ്പത്തിക വർഷം ഭവന നിർമ്മാണം, റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകളിലെ പദ്ധതി ചെലവ് യഥാക്രമം 43 ശതമാനവും 40 ശതമാനവും 11 ശതമാനവും മാത്രമായിരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ നിയമ വകുപ്പിലെ പദ്ധതി ചെലവ് 17 |

| | | |
|---|---|---|
| | വകുപ്പുകൾ ഏതൊക്കെ; വിശദമാക്കാമോ? | ശതമാനവും ആസൂത്രണ വകുപ്പിലേത് 8 ശതമാനവും റവന്യൂ വകുപ്പിലേത് 32 ശതമാനവും, പബ്ലിക് റിലേഷൻസ് വകുപ്പിലേത് 43 ശതമാനവുമായിരുന്നു. 2014-15 സാമ്പത്തിക വർഷം പദ്ധതി ചെലവിൽ കുറവ് രേഖപ്പെടുത്തിയ വകുപ്പുകൾ പരിസ്ഥിതി (41 ശതമാനം), ഭക്ഷ്യ പൊതു വിതരണം (28 ശതമാനം), വ്യവസായം (38 ശതമാനം), തുറമുഖം (48 ശതമാനം), റവന്യൂ (20 ശതമാനം), ജലവിഭവം (46 ശതമാനം), ഭവന നിർമാണം (42 ശതമാനം) എന്നിവയായിരുന്നു.<br>വിവിധ ധനാഭ്യർത്ഥനകളിലെ പദ്ധതിയേതര ചെലവിന്റെ വകുപ്പു തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. എന്നാൽ ധനാഭ്യർത്ഥനകളിലെ ചെലവ് കണക്കുകൾ പ്രകാരം പദ്ധതിയേതരയിനത്തിൽ കുറഞ്ഞ ചെലവ് രേഖപ്പെടുത്തിയ ധനാഭ്യർത്ഥനകളുടെ വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>2011-12 സാമ്പത്തിക വർഷം തെരെഞ്ഞെടുപ്പ്, പൊതുമരാമത്ത്, പലവക സാമ്പത്തിക സർവ്വീസുകൾ, ക്ഷീര വികസനം, എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2012-13 സാമ്പത്തിക വർഷം പൊതുമരാമത്ത്, നഗര വികസനം, തുറമുഖം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2013-14 ൽ തുറമുഖം, പലവക സാമ്പത്തിക സർവ്വീസുകൾ, ഗതാഗതം, കുടുംബക്ഷേമം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലും 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണം, പലവക സാമ്പത്തിക സർവ്വീസുകൾ, ജലസേചനം, വിനോദ സഞ്ചാരം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകൾക്ക് കീഴിലുള്ള വകുപ്പുകളിലുമാണ് പദ്ധതിയേതര ചെലവ് കുറവ് രേഖപ്പെടുത്തിയത്.<br>2015-16 സാമ്പത്തിക വർഷത്തെ ആദ്യത്തെ ആറ് മാസത്തെ ചെലവിന്റെ താൽക്കാലിക കണക്കുകൾ മാത്രമാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ പ്രവണത വിലയിരുത്തുന്നത് പ്രായോഗികമല്ല. |

അക്കൗണ്ടന്റ്സ് ഓഫീസർ